**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** — **11.02.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 1979** — **മറുപടിക്ക്**

## പോലീസ് വകുപ്പിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. യു. പ്രതിഭ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി പോലീസ് വകുപ്പിൽ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിനെ ക്രമസമാധാന പരിപാലന രംഗത്ത് രാജ്യത്തിന് മാതൃകയാകുംവിധം ആധുനികവത്കരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്രമസമാധാനപാലനവും കേസന്വേഷണവും മികവുറ്റതാക്കുന്നതിനു വേണ്ടി നിലവിൽ 477 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തിയും, സ്ത്രീ സുരക്ഷ മുൻ നിർത്തി പിങ്ക് പട്രോൾ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ താഴെപ്പറയുന്നവയാണ്.

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിങ് നെറ്റ് വർക്കിങ് സിസ്റ്റം (CCTNS) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

2. ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequencer, Advanced equipment for document examination, FTIR Spectrometer, Refractometer. PCR Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബുകളിൽ സ്ഥാപിച്ചു വരുന്നു.

3. കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.

4. കേസ്സന്വേഷണം എളുപ്പമാക്കുന്നതിന് അത്യാധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ബോഡി വോൺ ക്യാമറകൾ, CCTV ക്യാമറകൾ, Vehicle Mounted GPS System, Unmanned Aerial Vehicle, ട്രാഫിക് സിഗ്നൽ സിസ്റ്റം, ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ എന്നിവ പോലീസിന് ലഭ്യമാക്കിയിട്ടുണ്ട്.

5. കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനും Trace my trip, Nearest/Jurisdictional police station, SOS-Panic message, Chat Bot for public service. Offense reporting, Citizen services, Traffic guru തുടങ്ങിയ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുള്ളതും അവ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. സ്ഫോടകവസ്തുക്കൾ അപകടരഹിതമായി നിർവ്വീര്യമാക്കുന്നതിനുള്ള Robotic Mobile Explosive Cutter Vehicle വാങ്ങിയിട്ടുണ്ട്.

7. തീരദേശ സുരക്ഷയ്ക്കും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി സാറ്റലൈറ്റ് ഫോണുകൾ വാങ്ങിയിട്ടുണ്ട്.

8. Cyber Crime Prevention Against Women and Children (CCPWC) Project സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാഡമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിങ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

9. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കു പകരം അത്യാധുനികരീതിയിലുള്ള Digital Communication System തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

10. ഫിംഗർ പ്രിന്റ് ബ്യൂറോ ഡിജിറ്റൈസ് ചെയ്യുന്നതിനായി Automated Fingerprint Identification System (AFIS) നടപ്പിലാക്കി വരുന്നു.

11. കോളുകൾ, മെസ്സേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനുള്ള CMS (Centralised Monitoring System) നടപ്പിലാക്കിയിട്ടുണ്ട്.

12. ശബരിമലയിൽ സുരക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി Door Frame Metal Detector, Hand Held Metal Detector, Search Light, Extension Mirror, Mine Sweeper, Portable X-ray baggage scanner, Modern Security Cameras, CCTV Cameras എന്നീ ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിന് 'വെർച്വൽ ക്യൂ' സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

13. KANSAF (Kerala Anti Narcotic Special Action Force) ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുന്നതിനു വേണ്ടി Photocopier, GPS Equipments, Computer table, Printer, Scanner, Multimedia Projector, Fax Machine, Night Vision Digital Video Recorder, Night Vision Digital Still Camera, Night Vision Binocular, Generator set, Knee length rubber shoes, trekking shoes, Water proof tent, Rain coats, Sleeping bags, Sniffer dogs, Brief case for Detection kits തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളും Mahindra TUV, Motor Cycles തുടങ്ങിയ വാഹനങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.

-----------------------